**തിരുവനന്തപുരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ**
**മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം**

വിഷയം : മെ.വി.വ-ജീവനക്കാര്യം-അനധികൃതമായി സേവനത്തിൽ നിന്നും വിട്ടുനിൽക്കുന്ന നഴ്സിംഗ് ഓഫീസർ തസ്തികയിലുള്ളവരുടെ പ്രൊബേഷൻ അവസാനിപ്പിച്ച് ജോലിയിൽ നിന്നും പിരിച്ചുവിട്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന:
1. സ.ഉ(അ)നം.152/2020/ധന തീയതി.05/11/2020
2. സർക്കുലർ നം.83/2020/ധന തീയതി.30/12/2020
3. ജെ2/3527/2024/മെ.വി.വ തീയതി.29/05/2024
4. ജെ2/527/2024/മെ.വി.വ തീയതി.10/09/2024
5. ആർ.ഒ/497/എഫ്2/2024/ഐ & പി.ആർ.ഡി തീയതി.07/11/2024

**ഉത്തരവ് നമ്പർ ജെ2/3527 /2024 മെ.വി.വ തീയതി: 05-01-2025**

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ വിവിധ മെഡിക്കൽ കോളേജുകളിലും അനുബന്ധ സ്ഥാപനങ്ങളിലുമായി നഴ്സിംഗ് ഓഫീസർ (സ്റ്റാഫ് നഴ്സ് ഗ്രേഡ് II) തസ്തികയിൽ ജോലി ചെയ്തുവരവേ അനധികൃത അവധിയിൽ പ്രവേശിച്ചതും കെ.എസ്.ആർ പാർട്ട് I അനുബന്ധം XIIA/XIIC എന്നിവ പ്രകാരം ശൂന്യവേതന അവധി അനുവദിച്ചും, പ്രസ്തുത അവധി കാലയളവ് പൂർത്തിയായതിന് ശേഷം തിരികെ ജോലിയിൽ പ്രവേശിക്കാത്തതും നിരീക്ഷണകാല സേവനം (പ്രൊബേഷൻ) പൂർത്തീകരിക്കാത്തതുമായ ചുവടെ ചേർത്തിരിക്കുന്ന ജീവനക്കാർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുവാൻ തീരുമാനിച്ചതിനെ തുടർന്ന് സൂചന (3) പ്രകാരം നോട്ടീസ് നൽകുകയും ആയത് കൈപറ്റി 15 ദിവസത്തിനകം മെഡിക്കൽ വിദ്യാഭ്യാസ മേധാവിക്ക് മുൻപാകെ ഹാജരാകാൻ രജിസ്റ്റേർഡ് തപാൽ മുഖേന അറിയിക്കുകയുണ്ടായി. തുടർന്നും ഹാജരാകാത്ത ജീവനക്കാർക്ക് അച്ചടക്കനടപടിയുടെ ഭാഗമായി സൂചന (4) പ്രകാരം കുറ്റപത്രം, കുറ്റാരോപണ മെമ്മോ എന്നിവ നൽകുകയും തുടന്ന് 15 ദിവസത്തിനകം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് മേധാവിക്ക് മുൻപാകെ ഹാജരാകേണ്ടതാണെന്ന് കാണിച്ച് സൂചന (5) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് പത്രമാധ്യമങ്ങൾ മുഖേന പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. പേര് വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| Sl No | Name & Address | PEN | Institution last employed | Unauthorised absent from which date |
|---|---|---|---|---|
| 1 | ANIAMMA K J<br>Kochukarottu House Kalayanthani, Thodupuzha Pin: 685588, Idukki | 813879 | Govt. TD Medical College Alappuzha | 20.10.2017 |

| | | | | |
|---|---|---|---|---|
| 2 | Christopher Mohanaraj M<br>Christopher Bhavan, Venmizhavu, Vadakkathil veedu, Thirupuram Pin: 695133, TVPM | 760302 | Govt. TD Medical College Alappuzha | 02.02.2021 |
| 3 | Sreelatha S<br>Vineesh Bhavanam<br>Chathiyara, Thamarakulam.P.O ,Mavelikkara, Pin.690530 | 890434 | Govt. TD Medical College Alappuzha | 05.02.2022 |
| 4 | Raseena A<br>Bhavana 5,Civil station ward ,Alappuzha-688001 | 830466 | Govt. TD Medical College Alappuzha | 03.11.2012 |

സൂചന (1) പ്രകാരമുള്ള സർക്കാർ ഉത്തരവിൻറെയും സൂചന (2) പ്രകാരമുള്ള സർക്കാർ പരിപത്രത്തിൻറെയും അടിസ്ഥാനത്തിൽ സർക്കാർ ഉദ്യോഗസ്ഥർക്ക് കെ.എസ്.ആർ ഭാഗം-1 അനുബന്ധം XII A, XII C എന്നിവ പ്രകാരമോ ഇവ രണ്ടും ചേർത്തോ സർവ്വീസ് കാലയളവിൽ അനുവദിക്കാവുന്ന ശൂന്യവേതനാവധി കാലയളവ് 05/11/2020 മുതൽ പ്രാബല്യത്തിൽ പരമാവധി 5 (അഞ്ച്) വർഷമായിരിക്കും എന്നും അവധി കാലയളവ് തീരുന്ന മുറയ്ക്ക് തിരികെ സർവ്വീസിൽ പ്രവേശിക്കാതെ അനധികൃതമായി അവധിയിൽ തുടരുന്ന എല്ലാ ജീവനക്കാരെയും കെ.എസ്.ആർ ഭാഗം-1 അനുബന്ധം XII A, ചട്ടം 9/XII C, ചട്ടം 10 പ്രകാരം അച്ചടക്ക നടപടി സ്വീകരിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള അടിയന്തിര നടപടികൾ വകുപ്പ് മേധാവികൾ സമയബന്ധിതമായി സ്വീകരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്.

ആരോഗ്യ വകുപ്പപോലെയുള്ള അവശ്യസർവ്വീസ് മേഖലയിൽ വളരെ ഉത്തരവാദിത്തതോടെ ജോലി ചെയ്യേണ്ട ഇത്തരം ജീവനക്കാർ ജോലിയിൽ പ്രവേശിച്ചതിന് ശേഷം സർക്കാർ സേവനത്തെ തികഞ്ഞ ലാഘവത്തോടെ കാണുകയും അനധികൃതമായി ജോലിക്ക് ഹാജരകാതിരിക്കുകയും ചെയ്യുന്നത് ഗുരുതരമായ അച്ചടക്ക ലംഘനവും കൃത്യവിലോപവും ഉളവാക്കുന്നതാണ്.

അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടുനിൽക്കുന്നവർ പ്രൊബേഷണർ ആണെങ്കിൽ അത്തരത്തിലുള്ളവരെ 1958-ലെ KS&SSR ചട്ടങ്ങളിലെ ഭാഗം 2 ചട്ടം 19 (ii) വ്യവസ്ഥ ചെയ്തിരിക്കുന്ന വിധം പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും പിരിച്ചുവിടാവുന്നതാണ്.

മേൽ സാഹചര്യത്തിൽ അനധികൃത അവധിയിൽ ഉള്ള മേൽപ്പറഞ്ഞ 4 നഴ്സിംഗ് ഓഫീസർ ജീവനക്കാരെ 1958-ലെ KS&SSR ചട്ടങ്ങളിലെ ഭാഗം 2 ചട്ടം 19 (ii) വ്യവസ്ഥ പ്രകാരം ടിയാളുകളുടെ പ്രൊബേഷൻ അവസാനിപ്പിച്ച് ജോലിയിൽ നിന്നും പിരിച്ചുവിട്ടുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ടിയാളുകളുടെ പേരിൽ എന്തെങ്കിലും

ബാധ്യതകൾ ഉണ്ടെങ്കിൽ ആയത് നിലവിലെ നിയമപ്രകാരം ഈടാക്കുന്നതാണ്.

Signed by
Thomas Mathew
Date: 05-01-2025 05:49:43

THOMAS MATHEW
DIRECTOR

സ്വീകർത്താവ്

മേൽ പറഞ്ഞ വ്യക്തികൾക്ക്

പകർപ്പ്:

1. പ്രിൻസിപ്പാൾ, ഗവ.റ്റി.ഡി മെഡിക്കൽ കോളേജ്, ആലപ്പുഴ
2. സൂപ്രണ്ട്, ഗവ.റ്റി.ഡി മെഡിക്കൽ കോളേജ് ആശുപത്രി, ആലപ്പുഴ
3. കരുതൽ ഫയൽ